# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 190** **04-10-2016-ൽ മറുപടിയ്ക്ക്**

## ലോട്ടറി വകുപ്പിന് ജനകീയമുഖം നൽകാൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. ഷാഫി പറമ്പിൽ | ഡോ.ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
| (എ) സുവർണ്ണ ജൂബിലി വർഷത്തിൽ ലോട്ടറി വകുപ്പിന് കൂടുതൽ ജനകീയമുഖം നൽകുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ലോട്ടറി വകുപ്പിന് കൂടുതൽ ജനകീയ മുഖം നൽകുന്നതിന്റെ ഭാഗമായി ശുചിത്വത്തിന്റെ പരസ്യപ്രചരണാർത്ഥം 'നിർമ്മൽ' എന്ന പേരിൽ ഒരു ബൈ വീക്കിലി ലോട്ടറി ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗ്യക്കുറി ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചരണത്തിനുള്ള വാചകങ്ങൾ അച്ചടിച്ചിട്ടുണ്ട്.100/- രൂപ മുഖവിലയുള്ള പ്രസ്തുത ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് എല്ലാ മാസവും ഒന്നാമത്തേയും, മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നടത്തുന്നതാണ്. കൂടാതെ ചൊവ്വാഴ്ചകളിൽ നറുക്കെടുത്തിരുന്ന 40/- രൂപ മുഖവിലയുള്ള ധനശ്രീ ലോട്ടറിയുടെ മുഖവില 50/- രൂപയാക്കി ഉയർത്തി പേര് സ്ത്രീശക്തി എന്നാക്കി മാറ്റി സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്. ടി ഭാഗ്യക്കുറിയിൽ നിന്ന് ലഭിക്കുന്ന അറ്റാദായം വനിതകളുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതാണ്. |
| (ബി) കാരുണ്യ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (ബി) നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പരിയാരം സഹകരണ മെഡിക്കൽ കോളേജ് ആശുപത്രിയിലും, ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും |

ചികിത്സ തേടുന്നവർക്കാണ് ആദ്യഘട്ടത്തിൽ ചികിത്സാ ധനസഹായം ലഭിച്ചിരുന്നത്. കൂടാതെ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള നിശ്ചിത ചികിത്സാ പാക്കേജുകളും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി ഒപ്പുവച്ചിട്ടുള്ള 75 സർക്കാരിതര ആശുപത്രികളിലും ചികിത്സാ സൗകര്യം ലഭ്യമാണ്.

29 സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ ചികിത്സാ സൗകര്യം ലഭ്യമാണ്. ഇത് കൂടാതെ, 27 താലൂക്ക് തല സർക്കാർ ആശുപത്രികളിലും ഡയാലിസിസ് ചികിത്സക്ക് സൗകര്യം ലഭ്യമാക്കാനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ 5 മെഡിക്കൽകോളേജ് ആശുപത്രികളിലും (തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്), താമരശ്ശേരി താലൂക്ക് ആശുപത്രിയിലും 10 ഡയാലിസിസ് മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ചുരുങ്ങിയ ചെലവിൽ വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ കാരുണ്യ ഹോമുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത ഹോമുകളുടെ നിർമ്മാണ പ്രവർത്തന രീതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

വൃക്ക മാറ്റിവയ്ക്കുന്ന കേസുകളിൽ വൃക്ക നൽകുന്ന വ്യക്തിക്ക് ഈ പദ്ധതിയിൽ നിന്നും 1 ലക്ഷം രൂപ അനുവദിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ നിന്നും രോഗികൾക്ക് നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാധന സഹായം അനുവദിക്കുന്നുണ്ട്. ഒരു കുടുംബത്തിൽ ഒന്നിലധികം ഹീമോഫീലിയ രോഗികൾ ഉണ്ടെങ്കിൽ ഭാരിച്ച ചികിത്സാ ചെലവ് കണക്കിലെടുത്ത് ഓരോ രോഗിയ്ക്കും ചികിത്സാ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| | കാരുണ്യ ചികിത്സാ പദ്ധതിയിൽ നിലവിലുള്ള രോഗങ്ങൾക്കു പുറമെ ലിക്കോഡിസ് ട്രോമൈഷ സ്ട്രോക്ക്, സ്പൈനൽകോഡ് ഇൻജുറി, മസ്കുലാർ ഡിസ്ട്രോഫി തുടങ്ങിയ രോഗങ്ങൾ ബാധിച്ച് കിടപ്പിലായ തുടർ ചികിത്സ ആവശ്യമായ രോഗികൾക്ക് ചികിത്സയ്ക്കായി ആയുർവേദ പഞ്ചകർമ്മ ചികിത്സകൾ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് അതാതു ജില്ലാകളക്ടർമാരുടെ അക്കൗണ്ട് വഴി ചികിത്സാ ധനസഹായം നൽകുന്നകാര്യം പരിശോധിച്ചുവരുന്നു. ഇതു കൂടാതെ അന്യസംസ്ഥാനങ്ങളിലുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് ആവശ്യമെങ്കിൽ കാരുണ്യ പദ്ധതി വഴി ധനസഹായം നൽകുന്നതിന് പ്രത്യേക അനുമതി നൽകുന്നതിനും ഇതിലേയ്ക്കാവശ്യമായ നടപടി കൈകൊള്ളുന്നതിനും അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്തുള്ള മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിനേയും മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി.ഹോസ്പിറ്റലുകളേയും കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) ലോട്ടറി ഏജന്റുമാർക്കും ചെറുകിട വില്പനക്കാർക്കും കൂടുതൽ ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) ഈ ഓണത്തിന് ലോട്ടറി ഏജന്റുമാർക്കും വില്പനക്കാർക്കും ബോണസ് അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ കഴിഞ്ഞ വർഷത്തേക്കാൾ എന്ത് വർദ്ധനവാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ ? | (ഡി) അനുവദിച്ചിരുന്നു. 2016-ലെ ഓണം അലവൻസ് ഇനത്തിൽ ക്ഷേമനിധി അംഗങ്ങൾക്ക് 5,000/- രൂപയും, പെൻഷൻകാർക്ക് 1,000/- രൂപയും അനുവദിച്ചിട്ടുണ്ട്. മുൻ വർഷത്തേതിൽ നിന്നും ക്ഷേമനിധി അംഗങ്ങൾക്കുള്ള അലവൻസ് തുകയിൽ 1,000/- രൂപയുടെയും പെൻഷൻകാർക്കുള്ള അലവൻസ് തുകയിൽ 300/- രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

Jeyah

സെക്ഷൻ ഓഫീസർ.